PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

Second Session—1955

Vol. XIII] OFFICIAL REPORT [Supplement—Part I.

QUESTIONS AND ANSWERS LAID ON THE TABLE.

(The numbers within brackets indicate the serial number in the list of admitted questions for the respective days to which the questions were posted.)

STARRED QUESTIONS POSTED FOR ANSWER ON 18-3-1955.

ദുരിതാശ്വാസം നൽകുന്നതിനുള്ള തുക.

*630. [15] ശ്രീ. ടി. എ. മജീദ്: താഴെ പറഞ്ഞ ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികൾക്ക് മിനിമംവേജസ് നോട്ടിഫിക്കേഷൻ പുറത്തുവന്നതിനെ തുടർന്നുണ്ടായ ദുരിതത്തിനാശ്വാസം നൽകുന്നതിനായി 15 ലക്ഷം രൂപ അനുവദിക്കണമെന്ന് കഴിഞ്ഞ നിയമസഭാ സമ്മേളനം തീരുമാനിച്ചിട്ടുണ്ടോ;

(ബി) അതനുസരിച്ച് ഈ ഗവണ്മെന്റ് ഇക്കാര്യത്തിൽ എന്തു നടപടി എടുത്തു; എത്ര രൂപ അനുവദിച്ചു; അതു് ഏതേതു് ഇനങ്ങളിൽ ചെലവഴിച്ചു?

തദ്ദേശസ്വയംഭരണം-കുടിൽമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) കയർ വ്യവസായത്തിലെ തൊഴിലാളികൾക്ക് ദുരിതാശ്വാസം നൽകുന്നതിനുവേണ്ടി 15 ലക്ഷം രൂപ അനുവദിക്കണമെന്ന് കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ഒരു പ്രമേയം പാസാക്കിയിട്ടുണ്ട്.

(ബി) ഈ പ്രമേയം നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly